**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1401** **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഉച്ചഭക്ഷണ പദ്ധതിയിൽ എത്ര തുകയാണ് ഓരോ കുട്ടിക്കായി സ്കൂളുകൾക്ക് അനുവദിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | ഉച്ചഭക്ഷണ പദ്ധതിയിൽ ഓരോ കുട്ടിക്കായി മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ സ്കൂളുകൾക്ക് പ്രൈമറി വിഭാഗത്തിന് 6 (ആറ്) രൂപയും അപ്പർ പ്രൈമറി വിഭാഗത്തിന് 8 രൂപ 17 പൈസയും നിരക്കിൽ നവംബർ മാസം വരെ തുക അനുവദിച്ചിട്ടുണ്ട്. 01/12/2024 മുതൽ പ്രസ്തുത തുക പ്രൈമറി വിഭാഗത്തിന് 6 രൂപ 19 പൈസയും അപ്പർ പ്രൈമറി വിഭാഗത്തിന് 9 രൂപ 29 പൈസയും ആയി വർധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലെന്നും എത്ര തുകയാണ് കുടിശികയായിട്ടുള്ളതെന്നും വിശദമാക്കുമോ; | (ബി) | പ്രസ്തുത തുക 2024 നവംബർ മാസം വരെ വിതരണം ചെയ്തിട്ടുണ്ട് ഡിസംബർ മാസത്തെ തുക ഉടൻ വിതരണം ചെയ്യുന്നതാണ്. പുതുക്കിയ നിരക്കിൽ ഡിസംബർ മാസത്തെ തുക വിതരണം ചെയ്യുന്നതിന് 27.88 കോടി രൂപയാണ് വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (സി) | സ്കൂൾ കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കാൻ സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടി എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | സ്കൂൾ കുട്ടികളിലെ പോഷകാഹാര ക്കുറവ് പരിഹരിക്കുന്നതിലേക്കായി സപ്ലിമെന്ററി ന്യൂട്രിഷൻ പരിപാടി എന്ന പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കി യിട്ടുണ്ട്. ടി പദ്ധതി പ്രകാരം ആഴ്ച്ചയിൽ ഒരു ദിവസം പുഴുങ്ങിയ മുട്ടയും രണ്ട് തവണ പാലും (150 മില്ലി ലിറ്റർ ) കുട്ടികൾക്ക് നൽകി വരുന്നു . മുട്ട കഴിക്കാത്ത കുട്ടികൾക്ക് നേന്ത്രപ്പഴം നൽകി വരുന്നു . മുട്ടക്ക് 6 രൂപയും പാലിന് 15 രൂപ 60 പൈസയും ആഴ്ച്ചയിൽ അനുവദിച്ച നൽകുന്നുണ്ട്. നിലവിൽ 12024 വിദ്യാലയങ്ങളിലായി 2669459 വിദ്യാർത്ഥികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. 268 സ്പെഷ്യൽ വിദ്യാലയങ്ങളിലെ 21446 കുട്ടികൾ കൂടി ഇതിൽ ഉൾപ്പെടുന്നു . ടി പദ്ധതിയുടെ പൂർണ ചിലവും സംസ്ഥാന സർക്കാർ ആണ് വഹിക്കുന്നത് . ഏകദേശം 26 ലക്ഷം രൂപ പ്രതിമാസം സർക്കാരിന് ഈ ഇനത്തിൽ അധിക ബാധ്യത ഉണ്ടാകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഉച്ചഭക്ഷണ പദ്ധതിയിലെ കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | പിഎം പോഷൺ പദ്ധതിയ്ക്കായി വാർഷിക പദ്ധതിയിൽ വകയിരുത്തുന്ന തുക നാല് ഘട്ടങ്ങളിലായാണ് കേന്ദ്ര സർക്കാർ അനുവദിച്ച് വരുന്നത്. പ്രസ്തുത തുക അനുവദിക്കുന്നതിലേക്കായി സംസ്ഥാന തലത്തിൽ നിന്നും ഓരോ തവണയും പ്രൊപ്പോസൽ സമർപ്പിക്കേണ്ടതായിട്ടുണ്ട്. ആദ്യഘട്ട ഫണ്ട് ലഭിക്കുന്നതിന് 31/05/2024 ന് പ്രൊപോസൽ സമർപ്പിച്ചുവെങ്കിലും കേന്ദ്ര റിലീസ് ലഭിച്ചത് 30/08/2024 തീയതിയിൽ ആണ് പ്രസ്തുത തുക ഉടൻ തന്നെ വിനിയോഗിക്കുകയും രണ്ടാം ഘട്ട ഫണ്ട് റിലീസിനായി 08/11/2024 ന്ന പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തുവെങ്കിലും സാങ്കേതിക കാരണങ്ങൾ പരാമർശിച്ച ഫണ്ട് അനുവദിച്ചത് 16/01/2025 തീയതിയിലാണ്. കേന്ദ്ര ഫണ്ട് വൈകിയതിനാൽ 16/01/2025 തീയതിയിലെ ജി ഒ. (ആർ ടി നമ്പർ 462/2025/പൊവിവ പ്രകാരം സംസ്ഥാന സർക്കാർ കുടിശിക ആയി വിതരണം ചെയ്യുവാനുണ്ടായിരുന്ന ഒക്ടോബർ, നവംബർ മാസത്തെ മെറ്റീരിയൽ കോസ്റ്റ് ഇനത്തിലെ കേന്ദ്ര വിഹിതവും സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ മെറ്റീരിയൽ കോസ്റ്റ് ഇനത്തിലെ സംസ്ഥാന വിഹിതവും, കേന്ദ്ര വിഹിതവും അനുവദിച്ചിരുന്നു. നിലവിൽ നവംബർ വരെയുള്ള ഉച്ചഭക്ഷണ പദ്ധതിയിലെ മെറ്റീരിയൽ കോസ്റ്റിലെ കേന്ദ്ര - സംസ്ഥാന വിഹിതം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. മെറ്റീരിയൽ കോസ്റ്റിനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും 16/01/2025 ൽ റിലീസ് ചെയ്ത 48 കോടി രൂപ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ക്രെഡിറ്റ് ആകുന്ന മുറക്ക് ഡിസംബർ മാസത്തെ തുക വിതരണം ചെയ്യുന്നതാണ് . |

സെക്ഷൻ ഓഫീസർ